എനർജി മാനേജ്മെന്റ് സെന്റർ ന്യൂസ്‌ലെറ്റർ

# ഊർജ്ജപത്രിക

Oorja Pathrika | A Newsletter from Energy Management Centre- Kerala

വാല്യം- 6, ലക്കം 11| 2025 നവംബർ 05

## വിഷൻ 2031 കേരളം സുസ്ഥിര ഊർജ്ജ പരിവർത്തനത്തിലേക്ക്

സുസ്ഥിര ഊർജ്ജ പരിവർത്തനത്തിന് കേരളത്തെ ദേശീയ മാതൃകയാക്കുമെന്ന് മന്ത്രി. ശ്രീ. കെ. കൃഷ്ണൻകുട്ടി. വെല്ലുവിളികൾക്കിടയിലും സംസ്ഥാന വൈദ്യുതി മേഖലയെ പൊതുമേഖലയിൽ നിലനിർത്തിക്കൊണ്ട് കെ.എസ്.ഇ.ബി. യെ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുമെന്നും മന്ത്രി പറഞ്ഞു. 'വിഷൻ 2031' സെമിനാറുകളുടെ ഭാഗമായി മലമ്പുഴ ഹോട്ടൽ ട്രൈപെന്റയിൽ ഊർജ്ജ വകുപ്പ് സംഘടിപ്പിച്ച സംസ്ഥാനതല സെമിനാർ 'പവർഫുൾ കേരള'യിലെ ആമുഖ സെഷനിൽ കരട് നയരേഖ അവതരിപ്പിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. സംസ്ഥാനത്ത് തോറിയം അധിഷ്ഠിത വൈദ്യുതി ലഭ്യമാക്കുന്നിനുള്ള സാധ്യതകൾ പരിശോധിക്കുമെന്നും മന്ത്രി പറഞ്ഞു.






ഉപഭോക്താക്കൾക്ക് മനസ്സിലാക്കാവുന്ന ലളിതമായ തരത്തിൽ ബില്ലിങ് സമ്പ്രദായം പരിഷ്കരിക്കും. വർധിച്ചു വരുന്ന വൈദ്യുതി ആവശ്യകത, പരമ്പരാഗത ഊർജ്ജ സ്രോതസ്സുകളുടെ പരിമിതികൾ, കാർബൺ ബഹിർഗമനം, കാലാവസ്ഥാ വ്യതിയാനം എന്നിവയുടെ പശ്ചാത്തലത്തിൽ സംസ്ഥാന വൈദ്യുതി മേഖലയെ പൊതുമേഖലയിൽ നിലനിർത്തിക്കൊണ്ട് കെ.എസ്.ഇ.ബി.യെ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്താനാണ് സർക്കാർ ലക്ഷ്യമിടുന്നത്. പരിസ്ഥിതി സൗഹൃദവും ദീർഘകാല സുരക്ഷിതവുമായ ഒരു വൈദ്യുതി മോഡലാണ് ഇതിലൂടെ വിഭാവനം ചെയ്യുന്നത്.

1400 ൽ അധികം പേർ പങ്കെടുത്ത പരിപാടിയിൽ ഊർജമേഖലയുമായി ബന്ധപ്പെട്ട ഒൻപത് വൈവിധ്യമാർന്ന സെഷനുകൾ സംഘടിപ്പിക്കപ്പെട്ടു

## വൈദ്യുതി ലാഭിക്കാം, പരിസ്ഥിതിയെ സംരക്ഷിക്കാം! ചിറ്റൂർ നിയോജക മണ്ഡലത്തിലെ അങ്കണവാടികൾക്ക് ഊർജകാര്യക്ഷമതയേറിയ ബി. ഇ. ഇ സ്റ്റാർ റേറ്റഡ് ഫാനുകൾ കൈമാറി

സംസ്ഥാനത്തെ 2050–ഓടെ കാർബൺ ന്യൂട്രൽ സംസ്ഥാനമാക്കി മാറ്റാനുള്ള സർക്കാർ പദ്ധതിയുടെ മഹത്തായ ലക്ഷ്യത്തിന്റെ ഭാഗമായി, എനർജി മാനേജ്മെന്റ് സെന്റർ (EMC) അങ്കണവാടികളെ ഊർജ്ജക്ഷമതയുള്ളതാക്കി മാറ്റുന്നതിനായി നടപ്പിലാക്കുന്ന " അംഗൻ ജ്യോതി" പദ്ധതിയുടെ ഭാഗമായി ചിറ്റൂർ നിയോജക മണ്ഡലത്തിലെ അങ്കണവാടികൾക്ക് ഊർജ്ജ കാര്യക്ഷമത കൂടിയ ഫാനുകൾ കൈമാറുന്ന ചടങ്ങ് ഒക്ടോബർ 30, 2025 ന് ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്തു. അംഗൻ ജ്യോതി പദ്ധതിയുടെ ഇടപെടൽ കൂടുതൽ വിപുലീകരിക്കുന്നതിന്റെ ഭാഗമായാണ് മണ്ഡലത്തിലെ ഓരോ അങ്കണവാടിക്കും ഓരോ ഊർജ്ജ കാര്യക്ഷമതയേറിയ ഫാനുകൾ കൈമാറിയത്. സാധാരണ 70 മുതൽ 80 വാട്ട് വരെ പവർ എടുത്തിരുന്ന ഫാനുകൾ മാറ്റി ഊർജ്ജ കാര്യക്ഷമമായ 25 മുതൽ 30 വാട്ട് വരെ മാത്രം ആവശ്യമായ ഫാനുകൾക്ക് ഘടിപ്പിക്കുമ്പോൾ വൈദ്യുതി ബില്ലിൽ ഗണ്യമായ കുറവുണ്ടാകും. ഇതിനു മുൻപ്, "അംഗൻ ജ്യോതി" പദ്ധതിയുടെ ഭാഗമായി വൈദ്യുത പാചകത്തിലേക്ക് മാറുന്നതിന് ചിറ്റൂർ നിയോജക മണ്ഡലത്തിലെ എല്ലാ അങ്കണവാടികൾക്കും ഒരു വൈദ്യുത ഇൻഡക്ഷൻ അടുപ്പും അതിന് അനുയോജ്യമായ പാത്രങ്ങളും ഇ. എം. സി. നൽകിയിരുന്നു. ഒരു അങ്കണവാടിയിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ പ്രതിവർഷം എൽ.പി.ജി. ഇനത്തിൽ 9000 രൂപയുടെയും, കൂടെ സോളാർ സംവിധാനം ഉൾപ്പെടുത്തുകയാണെങ്കിൽ വൈദ്യുതി ചാർജ്ജിൽ 4000 രൂപയുടെയും ലാഭിക്കുവാൻ സാധിക്കും. സാമ്പത്തിക നേട്ടങ്ങൾക്കൊപ്പം, ഈ പദ്ധതി കാർബൺ ബഹിർഗമനം കുറച്ച് പരിസ്ഥിതിയ്ക്ക് മുതൽക്കൂട്ട് ആവുകയും ചെയ്യും.



# Empowering Kerala's building sector towards sustainability!

Energy Management Centre-Kerala (EMC-Kerala) organised a One-Day Awareness Programme on 17 October 2025 in Kozhikode for Government Executives and District Officials, as part of the SUSTHIRA Campaign on the Energy Conservation and Sustainable Building Code (ECSBC).

The session opened with a Welcome Address by Shri. Johnson Daniel, Head - NMEEE & DSM (EED), EMC-Kerala, followed by a Keynote Address from Dr. R. Harikumar, Director, EMC -Kerala. Dr. Harikumar emphasised Kerala's leadership in promoting energy-efficient and sustainable building practices under the Kerala ECSBC Rules 2025, stressing the importance of inter-departmental awareness, coordination, and preparedness for effective implementation.

Technical experts Mr. M. Mahesh Kumar and Ar. Yogesh Karnapooshanam led detailed sessions on ECSBC 2024 and Eco-Niwas Samhita (ENS 2024), covering applicability, compliance pathways, performance requirements, and sustainability integration. The workshop also included an in-depth discussion on the Kerala ECSBC Rules 2025, outlining the roles and responsibilities of government departments and local bodies within the enforcement framework.

This programme forms part of EMC -Kerala's broader, ongoing efforts under the SUSTHIRA Campaign, launched in August 2025 to strengthen professional capacity across Kerala's building sector. As part of the campaign two other major technical



programmes also conducted in Kozhikode. A two-day advanced capacity-building programme on 15-16 October 2025, held in association with GRACE (Civil) - Calicut Chapter at KPM Tripenta Hotel, Kozhikode. The inaugural session featured a welcome by Mr. Tomson Sebastian, Energy Technologist, EMC, and a keynote by Dr. R. Harikumar. Master Trainers Mr. M. Mahesh Kumar and Ar. Yogesh Karnapooshanam trained participants on ECSBC and ENS applicability, integrated building design, envelope performance, lighting systems, sustainability principles, and hands-on compliance exercises.

A one-day specialised training on 18 October 2025, conducted with KELCON (Grade 'A' Contractors) at the same venue. The programme was inaugurated by Dr. R. Harikumar, with industry leaders Mr. Manoj K. R., Joint Secretary, KELCON, and Mr. P. K. Purushothaman, State President, KELCON, addressing participants. Technical sessions were again led by Mr. Mahesh Kumar and Ar. Yogesh, focusing on ECSBC integration, system coordination, sustainable site management, and compliance procedures.

# EMC collaborated in the National convention of electrical engineers

The focus on modernizing Kerala's power infrastructure was highlighted by the Hon. Electricity Minister, Shri. K. Krishnankutty, who formally inaugurated the 40th National Convention of Electrical Engineers in Thiruvananthapuram. The two-day convention, held on October 15 and 16, 2025, at Hotel Prasanth, explored the theme, "Influence of AI on Modern Trends in Electricity Generation, Transmission, Distribution, and Utilisation."

The Minister emphasized Kerala's commitment to integrating smart technologies, such as AI, into the state's power grid while upholding the public sector's strength. The technical sessions saw engineers and researchers discussing AI's transformative impact on enhancing efficiency, reliability, and sustainability through smart grids



and predictive maintenance. Dr. R. Harikumar, Director, EMC, attended the valedictory function, sharing the dais with Mr. A. C. K. Nair, Kerala State Electricity Ombudsman, and other dignitaries, as the convention set the future roadmap for AI adoption in the power industry.

# ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി സംഘടിപ്പിക്കുന്ന ദേശീയ ഊർജ്ജസംരക്ഷണ ചിത്രരചനാ മത്സരം 2025

കേന്ദ്ര സർക്കാർ ഊർജ്ജ വകുപ്പിലെ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി (BEE) സംഘടിപ്പിക്കുന്ന ഈ വർഷത്തെ ദേശീയ ഊർജ്ജസംരക്ഷണ ചിത്രരചനാ മത്സരത്തിന്റെ സ്കൂൾതല രജിസ്ട്രേഷൻ പൂർത്തിയായി. യു.പി.യും ഹൈസ്കൂളും ഉൾപ്പെടുന്ന വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന ഈ വാർഷിക പരിപാടിയിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി രജിസ്ട്രേഷൻ സ്കൂളുകൾ വഴിയാണ് പൂർത്തിയാക്കിയത്.

കേരളത്തിൽ ഈ പരിപാടിക്ക് എനർജി മാനേജ്മെന്റ് സെന്ററും എൻ.ടി.പി.സി. കായംകുളവും സംയുക്തമായി നേതൃത്വം നൽകുന്നു. ഈ വർഷത്തെ ചിത്രരചനാ വിഷയങ്ങൾ ഊർജ്ജ സംരക്ഷണത്തിന്റെ പ്രാധാന്യം മുന്നോട്ട് വെയ്ക്കുന്ന – 1. "Be a Star – Use B E E Star Appliances" (സ്റ്റാർ ആകുക – ബി.ഇ.ഇ സ്റ്റാർ ഉപകരണങ്ങൾ ഉപയോഗിക്കുക), 2. "Save Energy, Save Earth" (ഊർജ്ജം സംരക്ഷിക്കുക, ഭൂമിയെ രക്ഷിക്കുക) എന്നിവയാണ്. മത്സരം രണ്ട് ഗ്രൂപ്പുകളിലായി നടക്കും – ഗ്രൂപ്പ് A (ക്ലാസ് 5, 6, 7)യും ഗ്രൂപ്പ് B (ക്ലാസ് 8, 9, 10)യും. സംസ്ഥാനതല മത്സരം നവംബർ 14 മുതൽ 25 വരെയും, ദേശീയതല മത്സരം ഡിസംബർ 11–നും നടക്കുന്നതാണ്.

സംസ്ഥാനതലത്തിൽ വിജയികൾക്ക് ഒന്നാം സമ്മാനമായി ₹50,000 വും, രണ്ടാം സമ്മാനം ₹30,000, മൂന്നാം സമ്മാനം ₹20,000 രൂപ, കൂടാതെ 10 ആശ്വാസ സമ്മാനങ്ങൾ ₹7,500 വീതവുമാണ് നല്കുന്നത്. ദേശീയതലത്തിൽ, ഒന്നാം സമ്മാനം ₹1,00,000/– + ലാപ്ടോപ്പ് + സ്വർണ്ണ മെഡൽ, രണ്ടാം സമ്മാനം ₹50,000/– + ലാപ്ടോപ്പ് + വെള്ളി മെഡൽ, മൂന്നാം സമ്മാനം ₹30,000/– + ലാപ്ടോപ്പ് + വെങ്കല മെഡൽ എന്നിവയാണ്. കൂടാതെ, 10 ആശ്വാസ സമ്മാനങ്ങളും – ടാബ്ലെറ്റും ₹15,000യും ആണ്. ദേശീയ വിജയികൾക്കും അവരുടെ മാതാപിതാക്കൾക്കും ഗുജറാത്തിലേക്ക് പൂർണ്ണമായും സ്പോൺസർ ചെയ്ത ഗൈഡഡ് ടൂർ ഒരു പ്രത്യേക ബോണസായും ലഭിക്കും.




# സംസ്ഥാനത്ത് ഊർജ്ജ കാര്യക്ഷമതാ നിക്ഷേപങ്ങൾക്ക് 2% പലിശയിളവ്: പുതിയ പദ്ധതിയുമായി ഇ.എം.സി

കേരളത്തിൽ ഊർജ്ജ കാര്യക്ഷമതയും പുനരുപയോഗ ഊർജ്ജ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനായി എനർജി മാനേജ്മെന്റ് സെന്റർ (EMC) പുതിയ പലിശയിളവ് (Interest Subvention) പദ്ധതി ആരംഭിക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി ദേശീയ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, സിഡ്ബി (SIDBI) തുടങ്ങിയ അംഗീകൃത ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുക്കുന്നവർക്ക് പരമാവധി 2% വരെ പലിശയിളവ് ലഭിക്കും. മൂന്ന് വർഷത്തേക്കാണ് ഈ സാമ്പത്തിക സഹായം ലഭ്യമാകുന്നത്. ഒരു പദ്ധതിക്ക് ലഭ്യമായ പരമാവധി സബ്സിഡി തുക ₹5 ലക്ഷം ആയി നിജപ്പെടുത്തിയിട്ടുണ്ട്. വായ്പയെടുത്തവരുടെ പലിശഭാരം കുറച്ച് തിരിച്ചടവ് മെച്ചപ്പെടുത്തുകയും, അതിലൂടെ ഊർജ്ജ കാര്യക്ഷമതാ പദ്ധതികളുടെ സാമ്പത്തികമായ നിലനിൽപ്പ് ഉറപ്പാക്കുകയും ചെയ്യുന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളും (MSMEs) ഉൾപ്പെടെ, പ്രത്യേകിച്ച് പൊതുമേഖലാ സ്ഥാപനങ്ങളും നടപ്പിലാക്കുന്ന ഊർജ്ജ ഉപഭോഗം കുറച്ച് സാമ്പത്തിക ലാഭം വർദ്ധിപ്പിക്കുന്ന പദ്ധതികൾക്ക് മുൻഗണന നൽകും. പദ്ധതിയുടെ നടത്തിപ്പിനായി EMC തനത് ഫണ്ടിൽ നിന്ന് ₹5 കോടി രൂപ സംസ്ഥാന ട്രഷറിയിൽ സ്ഥിര നിക്ഷേപമായി മാറ്റും. ഈ നിക്ഷേപത്തിന്റെ പലിശയും സർക്കാർ ഗ്രാന്റുകളും ഉപയോഗിച്ചാണ് പലിശയിളവ് നൽകുക. അംഗീകൃത സബ്സിഡി തുകയുടെ 5% (ജി.എസ്.ടി. ഉൾപ്പെടെ) ഉപഭോക്താവിൽ നിന്ന് ഒറ്റത്തവണ അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് ആയി ഈടാക്കും. പദ്ധതിയുടെ ഫലപ്രദമായ നടപ്പാക്കലിനായി കർശനമായ നിരീക്ഷണ സംവിധാനം EMC ഏർപ്പെടുത്തും. ഊർജ്ജ സുരക്ഷ, സുസ്ഥിര ഫണ്ട് വിനിയോഗം, കാർബൺ ന്യൂട്രാലിറ്റി എന്നിവ ലക്ഷ്യമാക്കുന്ന സംസ്ഥാനത്തിന്റെ ദീർഘകാല കാഴ്ചപ്പാടിന് ഈ പദ്ധതി ഒരു നിർണ്ണായക പിന്തുണയാകും.



# EMC Hosts Technical Session on Responsible Energy Use under Vision 2031 in Palakkad

As part of the Vision 2031 program, a technical session on Responsible Use of Energy was held in Palakkad, bringing together leading experts and stakeholders to deliberate on sustainable energy strategies for Kerala. Prof. V. K. Damodaran, Founder Director of EMC, delivered the opening remarks, highlighting current developments in the energy sector and stressing the urgency for coordinated action based on research, technology advancements, and policy support. Dr. R. Harikumar, Director, EMC, set the context for the discussion and moderated the session, emphasizing responsible energy practices as a key pillar of Kerala's energy transition roadmap.



The session featured insightful presentations from distinguished panelists. Mr. Ashok Bonam (GGGI) emphasized integrated low-carbon development backed by policy innovation, green finance, and scalable demonstration models for job creation in the built environment sector. Mr. Mallik E.V (C-STEP) introduced the "3D approach" focused on distribution network modelling, decentralized renewable deployment, and demand flexibility. Mr. Hari Subbish Kumar (Asar) underscored the need for people-centric and inclusive energy pathways, while Mr. Sumedh Agarwal (AEEE) highlighted demand response strategies as an emerging priority, urging Kerala to move beyond a supply-centric model.

Interactive discussions reinforced the importance of collaboration among government, industry, academia, and communities to advance Kerala's energy transition. The session concluded with a shared commitment to enhance energy efficiency, promote innovative clean-energy solutions, and foster responsible energy use across sectors—supporting a green, resilient, and energy-secure Kerala in alignment with Vision 2031.

# EMC-Kerala at ACES 2025, Singapore

Dr. R. Harikumar, Director, Energy Management Centre-Kerala, participated in the prestigious Energy Efficiency Track at the Asia Clean Energy Summit (ACES) 2025, held from 28-30 October at the Sands Expo and Convention Centre, Marina Bay Sands, Singapore. His presence highlighted Kerala's growing leadership and commitment to advancing sustainable energy solutions on the global stage.



The event, jointly organised by the Sustainable Energy Association of Singapore and Infrastructure Asia, brought together industry leaders, policymakers, innovators, and practitioners from across the globe. ACES 2025 witnessed an impressive participation of over 1,688 delegates and 3,394 trade visitors, reflecting its continued prominence as one of Asia's leading clean energy platforms.

Dr. Harikumar's engagement contributed to meaningful discussions on energy efficiency, knowledge exchange, and collaborative opportunities that support regional transitions toward low-carbon development. His participation further strengthened EMC-Kerala's international visibility and reinforced Kerala's dedication to sustainable energy advancement.

This recognition and collaborative engagement with global energy stakeholders mark an important milestone for EMC-Kerala in pursuing innovative and impactful pathways for energy management and conservation.

Design & Layout: Prajeesh A.



Published by **Dr. R. Harikumar**, Director, EMC

Editorial board

Dr. R. Harikumar (Chief Editor)
Er. Dinesh Kumar A. N. (Editor)
Er. Tomson Sebastian (Member)
Er. Anoop Surendran (Member)
Ms. Kumari Sheela (Circulation)

**Energy Management Centre – Kerala**
Department of Power, Government of Kerala
Sreekrishna Nagar, Sreekariyam. P.O
Thiruvananthapuram – 695017
Tel: +91-471-2594922, 2594924
www.keralaenergy.gov.in
Toll Free No. 1800 425 5256